# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2147 07.07.2015- ൽ മറുപടിക്ക്

## കോമളപുരം സഹകരണ സ്പിന്നിങ്ങ് മില്ലിന്റെ അവസ്ഥ

| ചോദ്യം<br>ശ്രീ.എ.എം.ആരിഫ് | ഉത്തരം<br>ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കോമളപുരം സഹകരണ സ്പിന്നിങ്ങ് മില്ലിന്റെ ഇപ്പോഴത്തെ അവസ്ഥ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) ആലപ്പുഴ ജില്ലയിലെ കോമളപുരത്ത് കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ മേൽനോട്ടത്തിൽ പണി പൂർത്തിയാക്കി ട്രയൽ റൺ ചെയ്ത പദ്ധതിയാണ് കോമളപുരം സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്. താഴെ പറയുന്ന കാരണങ്ങൾ മൂലം മില്ലിൽ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.<br>1.യന്ത്രങ്ങൾ<br>പദ്ധതിക്കാവശ്യമായ യന്ത്രസാമഗ്രികളിൽ ആറ് കോൺവൈന്റിംഗ് മെഷീനുകളും ഒരു സിംപ്ലക്സ് മെഷീനും, വാർപ്പ്ടൈയിംഗ് മെഷീനും ഫാബ്രിക് ഫോൾഡിംഗ് ആന്റ് പ്ലേറ്റിംഗ് മെഷീനും സ്ഥാപിക്കേണ്ടതുണ്ട്.<br>2.വൈദ്യുതി കണക്ഷൻ<br>പദ്ധതിക്കാവശ്യമായ വൈദ്യുതി കണക്ഷൻ ലഭിച്ചിരുന്നില്ല.<br>3.നിയമനങ്ങൾ<br>പദ്ധതിക്കാവശ്യമായ തൊഴിലാളികളെയും ജീവനക്കാരെയും നിയമിക്കുന്നതിനുള്ള നടപടികൾ |

ആരംഭിച്ചെങ്കിലും, ഇതിനെതിരെ ബഹു.ഹൈക്കോടതി മുൻപാകെ വിവിധ കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതിക്കാവശ്യമായ നിയമനങ്ങൾ നടത്തുവാൻ സാധിച്ചിട്ടില്ല.

കൂടാതെ, പുനരുദ്ധാരണത്തിനു മുൻപുണ്ടായിരുന്ന കേരളാ സ്പിന്നേഴ്സ് ലിമിറ്റഡിലെ തൊഴിലാളികൾക്ക്, 2010-ലെ ആലപ്പുഴയിലെ കേരളാ സ്പിന്നേഴ്സ് (വിലക്കെടുക്കലും കൈമാറ്റം ചെയ്യലും) ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം നിയമനത്തിൽ മുൻഗണന ലഭിക്കണമെന്നാവശ്യപ്പെട്ട് ബഹു. ഹൈക്കോടതി മുൻപാകെ കേസുകൾ നിലവിലുണ്ട്. അവയും തീർപ്പാക്കിയിട്ടില്ല.

(ബി) സ്പിന്നിങ്ങ് മില്ലിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിനും ഉദ്ദേശ്യ ലക്ഷ്യം കൈവരിക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

(ബി) കോമളപുരം സ്പിന്നിംഗ് ആന്റ് വീവിംഗ് മില്ലിന്റെ പുനരുദ്ധാരണത്തിനായി കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച പദ്ധതി നിർദ്ദേശം സർക്കാർ അംഗീകരിക്കുകയും നിലവിലുള്ള യന്ത്രങ്ങൾ ഉപയോഗിച്ച് 4800 സ്പിൻഡിൽ വെച്ച് പ്രവർത്തനം തുടങ്ങുന്നതിനായി 596.04 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. ആ തുക ഉപയോഗിച്ച് 600KVA വൈദ്യുതി ലഭ്യമാക്കുന്ന ജോലികളും, നിലവിലുള്ള യന്ത്രങ്ങളുടെ 'ഓവർഹോളിംഗും' നടത്താൻ കഴിയും. ആദ്യഘട്ടത്തിൽ ആവശ്യമുള്ള ജീവനക്കാരെ നിയമിക്കുന്നതിന് തടസ്സമായുള്ള കേസുകളിൽ

അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ റിക്രൂട്ട്മെന്റ് നടത്തി മിൽ പ്രവർത്തനസജ്ജ മാക്കാനാകും.

സെക്ഷൻ ഓഫീസർ